V. നിയമനിർമ്മാണ കാര്യം

1978–ലെ സർവ്വകലാശാലാ നിയമങ്ങൾ (ഭേദഗതി) ബിൽ

—(തുടർച്ച)

Mr. Deputy speaker: The amendment of Shri Thamarakshan is not in order. However you can speak.

ശ്രീ. എ. വി. താമരാക്ഷൻ: സർ, ഈ സഭയിൽ അവതരിപ്പിച്ചിരിക്കുന്ന ഈ ബില്ലിനെ ഞാൻ സ്വാഗതം ചെയ്യുകയാണ്. ഈ ബില്ലിന്റെ ചർച്ചയിൽ പങ്കെടുത്തുകൊണ്ട് ബഹുമാനപ്പെട്ട എൻ. ഐ. ദേവസ്സിക്കുട്ടി ഇവിടെ ഉന്നയിച്ച പരാമർശങ്ങളോടും ഞാൻ പൂർണ്ണമായി യോജിക്കുകയാണ്. സർ, ഇന്ന് നമ്മുടെ ഉന്നതവിദ്യാഭ്യാസത്തിന്റെ സിരാകേന്ദ്രമായ ശ്രീകോവിലെന്ന് വിശേഷിപ്പിക്കപ്പെടാവുന്ന സർവ്വകലാശാലകളെ സംബന്ധിച്ച് നമ്മുടെ വിദ്യാർത്ഥികളുടെ ഇടയിലും, അദ്ധ്യാപകരുടെ ഇടയിലും രക്ഷകർത്താക്കളുടെ ഇടയിലും, എന്തിനു്, സാമാന്യ ജനങ്ങളുടെ ഇടയിൽപോലും വളരെയേറെ ആക്ഷേപങ്ങളും ആശങ്കകളും ഉളവാക്കുന്ന തരത്തിലുള്ള സംഭവവികാസങ്ങൾ അനുദിനം ഉണ്ടായിക്കൊണ്ടിരിക്കുകയാണ്. ഈ നിയമസഭയിൽതന്നെ ചോദ്യോത്തരവേളയിൽ ഈ സർവ്വകലാശാലകളുടെ പ്രവർത്തനങ്ങളെ സംബന്ധിച്ച ചോദ്യം ഉന്നയിച്ച അവസരത്തിൽ ബഹുമാനപ്പെട്ട വിദ്യാഭ്യാസവകുപ്പുമന്ത്രി നൽകിയ മറുപടിയിൽ ഈ സർവ്വകലാശാലകളൊക്കെ സ്വയംഭരണസ്ഥാപനങ്ങളാണ്; അത്തരം സ്ഥാപനങ്ങളെ നിയന്ത്രിക്കുന്നതിന് ആവശ്യമായ അധികാരം ഗവൺമെന്റിന് ഇല്ലെന്ന് സൂചിപ്പിച്ചു. യൂണിവേഴ്സിറ്റി ആക്ടിലെ 70, 71 വകുപ്പുകൾ ഉദ്ധരിച്ചുകൊണ്ട് ശ്രീ. ദേവസ്സിക്കുട്ടി സൂചിപ്പിക്കുകയുണ്ടായി ഗവൺമെന്റിന് ഈ യൂണിവേഴ്സിറ്റികളുടെ ദൈനംദിന പ്രവർത്തനങ്ങളെ സംബന്ധിച്ച് അന്വേഷിക്കുന്നതിനും നിയന്ത്രിക്കുന്നതിനും ആവശ്യമായ വ്യവസ്ഥകൾ യൂണിവേഴ്സിറ്റി ആക്ടിൽ ഉൾപ്പെടുത്തിയിട്ടുണ്ടെന്നു്. വിദ്യാർത്ഥികളുടേയും അദ്ധ്യാപകരുടേയും ഇടയിൽ ഉയർന്നുവന്നിട്ടുള്ള ആക്ഷേപങ്ങളെ സംബന്ധിച്ച് അത് പരിശോധിക്കുന്നതിനും ശക്തമായ നടപടികൾ എടുക്കുന്നതിനും സംസ്ഥാന ഗവൺമെന്റ് തയ്യാറാകണമെന്നാണ് എനിക്ക് പറയാനുള്ളത്. ചില വസ്തുതകൾ എനിക്ക് കേരളാ യൂണിവേഴ്സിറ്റിയെ സംബന്ധിച്ച് പറയാനുണ്ട്. ഗവൺമെന്റിന്റെ ശ്രദ്ധ ആ രംഗത്തുണ്ടാകണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. ഇന്ന് കേരള സർവ്വകലാശാലയും അതിന്റെ ഭരണാധികാരികളും യൂണിവേഴ്സിറ്റി ആക്ടിലെ വ്യവസ്ഥകളേയും സ്റ്റാറ്റ്യൂട്ടിനേയും എല്ലാം കാറ്റിൽ പറത്തിക്കൊണ്ട് അധികാരദുർവിനിയോഗം ചെയ്തുകൊണ്ടുള്ള ഒരു ഭരണമാണ് നടത്തിക്കൊണ്ടിരിക്കുന്നത്. ഈ യൂണിവേഴ്സിറ്റിയിൽ ഒരു പ്രൊഫസറെ നിയമിക്കണമെങ്കിൽ അടിസ്ഥാന വിദ്യാഭ്യാസയോഗ്യതയ്ക്ക് ഉപരിയായി കുറഞ്ഞത് പത്തുവർഷത്തെ ടീച്ചിംഗ് എക്സ്പീരിയൻസ് വേണം. ഒരാളെ റീഡറായി നിയമിക്കണമെങ്കിൽ വിദ്യാഭ്യാസയോഗ്യതയ്ക്ക് ഉപരിയായി 5 വർഷത്തെ ടീച്ചിംഗ് എക്സ്പീരിയൻസ് വേണം. ആ നിയമങ്ങളെയെല്ലാം കാറ്റിൽ പറത്തിക്കൊണ്ട് ഫിസിക്സ് ഡിപ്പാർട്ടുമെന്റിൽ ഡോ. പി. ബാലരാമചന്ദ്രനെ ഒരു വർഷത്തെപ്പോലും ടീച്ചിംഗ് എക്സ്പീരിയൻസില്ലാതെ പ്രൊഫസറായി നിയമിച്ചു. അതുപോലെ

LIBRARY ARCHIVES Kerala Legislative Assembly

റീഡർക്ക് 5 വർഷത്തെ ടീച്ചിംഗ് എക്സ്പീരിയൻസ് ആവശ്യമാണെന്നിരിക്കെ 3 വർഷത്തെ ടീച്ചിംഗ് എക്സ്പീരിയൻസ് മാത്രമുള്ള ദേവനാരായണനെ ഫിസിക്സ് ഡിപ്പാർട്ട്മെന്റിൽ റീഡറായി നിയമിച്ചു. മാത്തമാറിക്സ് ഡിപ്പാർട്ടുമെന്റിൽ 3 വർഷത്തെ ടീച്ചിംഗ് എക്സ്പീരിയൻസ് മാത്രമുള്ള ഡോ. സുബഹ്മണ്യൻ നമ്പൂതിരിയെ പ്രൊഫസറായി നിയമിച്ചിരിക്കുന്നു. സോഷ്യോളജി ഡിപ്പാർട്ടുമെന്റിൽ ഡോ. രാമചന്ദ്രരാജ് ലക്ചറർ ആയിരിക്കെ ഹൈസ് പ്രാധാന്യത്തോടെ ഭാര്യബന്ധു ആയതു കൊണ്ട് പ്രൊഫസറായി നിയമിച്ചു. മലയാളം ഡിപ്പാർട്ടുമെന്റിലും പൊളിറ്റിക്സ് ഡിപ്പാർട്ടുമെന്റിലും പ്രൊഫസർ പോസ്റ്റുകൾ (റിസർവേഷൻ കോട്ട) പിന്നോക്കവിഭാഗത്തിൽ യോഗ്യതയുള്ള ആളുകൾ ഉണ്ടായിട്ടുപോലും അവർക്കുകൊടുക്കാതെ മറ്റാളുകൾക്ക് കൊടുക്കുന്നതിനുള്ള ശ്രമം നടത്തിയിരിക്കുന്നു. മലയാളം ഡിപ്പാർട്ടുമെന്റിൽ രണ്ട് മതായി യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മീഷൻ റിസർവേഷൻ കാറ്റഗറിയിൽ അനുവദിച്ച പ്രൊഫസർ പോസ്റ്റിൽ സിൻഡിക്കേറ്റ് മെമ്പറായ ഡോ. പുതുശ്ശേരി രാമചന്ദ്രനെ നിയമിച്ചിരിക്കുന്നു. അങ്ങനെ യൂണിവേഴ്സിറ്റി ആക്ടിനുവിരുദ്ധമായി പല പുതിയ പോസ്റ്റുകളും സൃഷ്ടിച്ച് സ്വന്തക്കാരെ തിരുകിക്കയറ്റിയിട്ടുണ്ട്. കൺട്രോളർ ഓഫ് എക്സാമിനേഷൻസ് ആയിരുന്ന അവസരത്തിൽ അഴിമതി നടത്തിയെന്ന പേരിൽ വിജിലൻസ് അന്വേഷണം നടത്തി കുറ്റക്കാരനാണെന്ന് തെളിയിക്കപ്പെട്ട ഒരു മാന്യ വ്യക്തിയെ സഹായിക്കുന്നതിനും രക്ഷിക്കുന്നതിനും വേണ്ടി ഡയറക്ടർ ഓഫ് പ്ലാനിംഗ് ആൻഡ് ഡവലപ്പ്മെന്റ് എന്ന പേരിൽ ഒരു പോസ്റ്റുണ്ടാക്കി അദ്ദേഹത്തെ അവിടെ നിയമിച്ചിരിക്കുകയാണ്. യൂണിവേഴ്സിറ്റിയിൽ പുതിയ പോസ്റ്റുകൾ ഉണ്ടാക്കുന്നതിന് യൂണിവേഴ്സിറ്റി ആക്ടിൽ ചില വ്യവസ്ഥകൾ ഉണ്ട്. 700 രൂപയിൽ കൂടുതൽ അടിസ്ഥാനശമ്പളം വരുന്ന പോസ്റ്റുകൾ ഉണ്ടാക്കുന്നതിന് ഫൈനാൻസ് കമ്മിറ്റിയുടെ സാംഗ്ഷൻ വേണം. അങ്ങനെ ഫൈനാൻസ് കമ്മിറ്റിയുടെ സാംഗ്ഷൻ ഇല്ലാതെ പല പുതിയ പോസ്റ്റുകളും അവിടെ സൃഷ്ടിച്ചിരിക്കുന്നു. അതുപോലെതന്നെ ലെക്സിക്കൺ ഡിപ്പാർട്ടുമെന്റിൽ ഒരു ജോയിന്റ് എഡിറ്ററെ 1050 - 1550 രൂപാ സ്കെയിലിൽ നിയമിച്ചിരിക്കുന്നു. ഇതെല്ലാം യൂണിവേഴ്സിറ്റി ആക്ടിൽ പറഞ്ഞിരിക്കുന്ന ഫൈനാൻസ് കമ്മിറ്റിയുടെ ശുപാർശയോ അംഗീകാരമോ ഇല്ലാതെയാണ് ചെയ്തിരിക്കുന്നത്. 1978-ൽ സെനറ്റിന്റെ മുമ്പിൽ സമർപ്പിച്ച ഒരു റിപ്പോർട്ടിൽ കഴിഞ്ഞ രണ്ടുമൂന്ന് വർഷത്തിനുള്ളിൽ 40,000-ൽ പരം രൂപ ടി. എ., ഡി. എ. ഇനത്തിൽ എഴുതി വാങ്ങിയിരിക്കുന്നു അവിടത്തെ രണാധികാരികൾ.

മറ്റൊന്ന്, നമ്മുടെ കേരളാ യൂണിവേഴ്സിറ്റിക്ക് യാതൊരു കൺട്രോളുമില്ലാത്ത ഒരു സ്ഥാപനത്തിന് യൂണിവേഴ്സിറ്റി സിൻഡിക്കേറ്റിലെ ഒരംഗം അവിടെ പ്രിൻസിപ്പാൾ ആയതുകൊണ്ട് 20,000 രൂപ ഗ്രാന്റ് നൽകിയിരിക്കുന്നു. അതുപോലെ ഒട്ടനവധി കാര്യങ്ങൾ പറയാനുണ്ട്. എല്ലാവിഷയത്തിലേക്കും കടക്കാൻ സമയമില്ലാത്തതുകൊണ്ട് ഞാൻ അതിന് ആഗ്രഹിക്കുന്നില്ല. അതുപോലെതന്നെ ഡോ. രജിസ്ട്രാർ, അസിസ്റ്റന്റ് രജിസ്ട്രാർ, തുടങ്ങിയ അഡ്മിനിസ്ട്രേറ്റീവ് പോസ്റ്റുകളിലേക്കും ഫൈനാൻസ് കമ്മിറ്റിയുടെ നിർദ്ദേശമില്ലാത്ത ഒട്ടനവധി നിയമനങ്ങൾ നടത്തിയിട്ടുണ്ട്. യൂണിവേഴ്സിറ്റിയിലെ ഏത് നിയമനങ്ങൾക്കും പിന്നോക്ക സമുദായങ്ങൾക്കും ഹരിജനങ്ങൾക്കും ഒക്കെയുള്ള റിസർവേഷൻ നടപ്പിലാക്കണമെന്ന് വ്യവസ്ഥയുണ്ട്. ആ വ്യവസ്ഥ ഇതുവരെ നടപ്പിലാക്കിയിട്ടില്ല. 1200-1550 രൂപാ സ്കെയിലിൽ 33 പ്രൊഫസർമാരെ നിയമിച്ചിട്ടുള്ളതിൽ ഒരൊറ്റ ഹരിജനോ ഷെഡ്യൂൾഡ് കാസ്റ്റോ ഇല്ല. 3 ഒ. ബി. സി. ഉണ്ട്. 750 – 1150 രൂപാ സ്കെയി

LIBRARY ARCHIVES Kerala Legislative Assembly

ലിൽ 66 റീഡർമാർ ഉള്ളതിൽ ഒരാൾ പോലും ഷെഡ്യൂൾഡ് കാസ്റ്റോ ഷെഡ്യൂൾഡ് ട്രൈബോ ഇല്ല. ഒ. ബി. സി. മൂന്നുപേർ ഉണ്ട്. അത് മെറിറ്റിൽ വന്നിട്ടുള്ളതാണ്. 950–1150 രൂപാ സ്കെയിലിൽ 3 ഡെപ്യൂട്ടി രജിസ്ട്രാർമാർ ഉള്ളതിൽ ഷെഡ്യൂൾഡ് കാസ്റ്റോ ഷെഡ്യൂൾഡ് ട്രൈബോ ആയി ആരേയും നിയമിച്ചിട്ടില്ല. 710–1200 രൂപാ സ്കെയിലിൽ 28 അസിസ്റ്റന്റ് രജിസ്ട്രാർമാർ ഉണ്ട്. അതിൽ 2 ഒ. ബി. സി. മാത്രമാണുള്ളത്. 495–835 രൂപാ സ്കെയിലിൽ ഒസെക്ഷൻ ഓഫീസേഴ്സ് 130 പേരുണ്ട്. അതിൽ ഒരു ഷെഡ്യൂൾഡ് കാസ്റ്റുണ്ട്. ഒ. ബി. സി. അഞ്ചുപേരുണ്ട്. അങ്ങനെ യൂണിവേഴ്സിറ്റിയിലെ എല്ലാ നിയമനങ്ങൾക്കും യോഗ്യതയുള്ള ഹരിജനങ്ങളും മറ്റ് പിന്നോക്കസമുദായക്കാരും ഉണ്ടായിട്ടും അവർക്ക് കൊടുക്കാതെ മറ്റുള്ള ആളുകൾക്ക് കൊടുക്കുന്നതിനുവേണ്ടി ഒരു പ്രത്യേക ലോബി കേരളാ യൂണിവേഴ്സിറ്റിയിൽ പ്രവർത്തിക്കുന്നുണ്ടെന്ന് ഞാൻ പറയുകയാണ്. അതിനുപരിയായി കൊച്ചിൻ യൂണിവേഴ്സിറ്റിയിലെ പൊളിറ്റിക്സ് ഡിപ്പാർട്ടുമെന്റിലെ ലെക്ചറർ ആയിരുന്ന സെബാസ്റ്റ്യനെ കേരളാ യൂണിവേഴ്സിറ്റിയിൽ വിസിറ്റിംഗ് പ്രൊഫസറായി നിയമിച്ചു കഴിഞ്ഞു. അദ്ദേഹം ഒരു സ്വകാര്യ സ്ഥാപനമായ ലാ അക്കാദമിയിൽ താമസിച്ച്, അവിടെ പഠിച്ചു കേരളായൂണിവേഴ്സിറ്റിയിൽനിന്ന് ശമ്പളം വാങ്ങിക്കുകയാണ്. ഇത്തരത്തിൽ നഗ്നമായ അഴിമതികളും, അധികാരദുർവിനിയോഗം ഇതെല്ലാം കേരള സർവ്വകലാശാലയിൽ നടന്നുകൊണ്ടിരിക്കുകയാണ്. ഇതിനെ നിയന്ത്രിക്കാൻ കേരള സർക്കാരിന് അധികാരം ഇല്ലെന്നുപറഞ്ഞ് ഒരു അനങ്ങാപ്പാറനയം സ്വീകരിക്കുന്നത് ശരിയല്ലെന്ന് മാത്രമേ ഞാൻ പറയുന്നുള്ളൂ. വിദ്യാർത്ഥികളുടേയും അദ്ധ്യാപകരുടേയും രക്ഷകർത്താക്കളുടേയും ഇടയിൽ ഉയർന്നുവന്നിരിക്കുന്ന ഇത്തരം ആരോപണങ്ങളും പരിശോധിക്കുന്നതിനും യൂണിവേഴ്സിറ്റിയുടെ മേൽ ശക്തമായ ഒരു നിയന്ത്രണം ഏർപ്പെടുത്തുന്നതിനും ഗവൺമെന്റ് മുന്നോട്ട് വരണമെന്നും യൂണിവേഴ്സിറ്റിയിൽ നടന്നിട്ടുള്ള ഇത്തരം അഴിമതികളെക്കുറിച്ച് അന്വേഷിക്കുന്നതിന് യൂണിവേഴ്സിറ്റി ആക്ടിലെ വ്യവസ്ഥകൾക്ക് അനുസരണമായി ഒരു ജുഡീഷ്യൽ അന്വേഷണം ഏർപ്പെടുത്തണമെന്നും പറഞ്ഞുകൊണ്ട് ഞാൻ ഈ ബില്ലിനെ അനുകൂലിക്കുന്നു.

VI. 8-3-1979-ലെ 369-ാം നമ്പർ ചോദ്യത്തിനു നൽകിയ ഉത്തരത്തിന് മരാമത്തും സ്പോർട്സും വകുപ്പുമന്ത്രി (ശ്രീ. കെ. പങ്കജാക്ഷന്റെ തിരുത്ത്

മരാമത്തും സ്പോർട്സും വകുപ്പുമന്ത്രി (ശ്രീ. കെ. പങ്കജാക്ഷൻ): സർ, എനിക്ക് ഒരു തിരുത്ത് ഈ സഭയിൽ നൽകുന്നതിന് അവസരം നൽകിക്കൊണ്ടുള്ള ബഹുമാനപ്പെട്ട സ്പീക്കറുടെ ഒരു അറിയിപ്പുണ്ടായിരുന്നു. അന്ന് എന്നെ വിളിച്ചുമില്ല. ഇന്നിയും വൈകിക്കാതെ ഈ സഭയിൽ ആ തെറ്റു തിരുത്തുന്നതിന് ഞാനുദ്ദേശിക്കുന്നു. ഈ മാസം 8-ാം തീയതി ഈ നിയമ സഭയിൽ സിവിൽ സപ്ലൈസിനെപ്പറ്റിയുള്ള 369-ാം നമ്പർ ചോദ്യത്തിനു മറുപടിപറയവെ ആലപ്പുഴ ജില്ലയിൽ രണ്ടു ബ്ലോക്കുകളുടെ പണി തീർന്നു കഴിഞ്ഞുവെന്നും മൂന്നാമത്തെ ബ്ലോക്കിന് ഭരണാനുമതി നൽകിക്കഴിഞ്ഞിട്ടുണ്ടെന്നും പറയുകയുണ്ടായി. അത് പിശകാണ്. ആലപ്പുഴയിലെ സിവിൽ സപ്ലൈസിന്റെ ഒരു ബ്ലോക്കിന്റെ പണി മാത്രമേ പൂർത്തിയായിട്ടുള്ളൂ. രണ്ടാമത്തെ ബ്ലോക്കിന് ഭരണാനുമതി നൽകിക്കഴിഞ്ഞു. മറുപടിയിൽ ഇപ്രകാരമൊരു തെറ്റുപറ്റിയതിൽ ഖേദമുണ്ട്. ഈ തെറ്റ് ക്ഷമിക്കണമെന്ന് ഞാൻ സഭയോട് അഭ്യർത്ഥിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly